(i) സാമ്പത്തിക സ്ഥാപനങ്ങൾക്ക് നൽകേണ്ട ഒൺടൈം സെറ്റിൽമെന്റ് പ്രകാരം കുടിശ്ശികയുള്ള 12.62 കോടി രൂപ പണമായി കമ്പനിക്ക് നൽകി.

(ii) വിൽപ്പന നികുതി കുടിശ്ശികയായ 12.2 കോടി രൂപയും സർക്കാർ ഗ്യാരണ്ടി കമ്മീഷൻ തുകയായ 4.05 കോടി രൂപയും അംഗീകൃത പുനരുദ്ധാരണ കാലയളവിൽ കമ്പനി തിരിച്ചടയ്ക്കുന്നത് മാറ്റിവച്ചിട്ടുണ്ട്.

ഇതുകൂടാതെ പിന്നീടുണ്ടായ പ്രവർത്തന മൂലധന ശോഷണം പരിഹരിച്ച് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി 1999-ൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടിൽ നിന്ന് നാല് കോടി രൂപയും കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ (കെ.ഐ.ആർ.എഫ്.ബി.) നിന്നും പത്ത് കോടി രൂപയും ഹ്രസ്വകാല വായ്പയായി കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ബി)

ലാഭം			രൂപ ലക്ഷത്തിൽ
1995-96	1996-97	1997-98	1998-99
260	169	169	1099
			(നഷ്ടം)
			(ആഡിറ്റ് വിധേയം)

ഉൽപ്പാദനം			രൂപ ലക്ഷത്തിൽ
1995-96	1996-97	1997-98	1998-99
8053	8236	8779	6901
			(ആഡിറ്റിന് വിധേയം)

(സി) 1998-99 സാമ്പത്തികവർഷം ഇൻഡോനേഷ്യാ, വിയറ്റ്നാം, ഒമാൻ എന്നീ രാജ്യങ്ങളിലേക്ക് 11 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ടെൽക് കയറ്റുമതി ചെയ്തിട്ടുണ്ട്. ഈ വർഷം 3 കോടി രൂപയുടെ ഓർഡറുകൾ ഒമാനിൽ നിന്നും കിട്ടിയിട്ടുണ്ട്. കൂടാതെ 5 കോടി രൂപയുടെ ഓർഡറുകൾ സിംബാവെ, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു.

(ഡി) ടെൽക്കിൽ ഇപ്പോൾ മൊത്തം 1543 ജീവനക്കാരുണ്ട്. ഇതിൽ മാനേജ്മെന്റ് വിഭാഗത്തിൽ 378 ജീവനക്കാരാണുള്ളത്. കമ്പനിയിൽ ശമ്പളം നൽകുന്നതിന് പ്രതിമാസം 1,17,40,389 രൂപ ഉണ്ടാകണം.

(ഇ) പ്രതിമാസ ശമ്പളം

തൊഴിലാളികൾ - 76,42,667 രൂപ

മാനേജ്മെന്റ് വിഭാഗം - 40,97,722 രൂപ

268 (1447) എച്ച്.എം.ടി.യിൽ നിന്നും ഏറ്റെടുത്ത സ്ഥലം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കളമശ്ശേരിയിൽ എച്ച്.എം.ടി. യിൽ നിന്നും വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലം എന്ത് ആവശ്യത്തിനായി ഉപയോഗപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. ഇവിടെ സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഹൈടെക് പാർക്കും കിൻഫ്രായും ഇൻഡ്യൻ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനുമായി (ഐ. ടി.പി.ഒ) ചേർന്ന് ഒരു സ്ഥിരം പ്രദർശന സെന്ററും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 60 ഏക്കർ സ്ഥലം സഹകരണ മെഡിക്കൽ കോളേജിനായി വിട്ടുകൊടുത്തു.

269 (1448) കരിമ്പു കൃഷി വികസനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ കരിമ്പുകൃഷി വികസനത്തിന് കേന്ദ്രം എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയാമോ; എങ്കിൽ ഈ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ നടപ്പുവർഷം ഈ ഇനത്തിൽ എത്ര രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) അറിയില്ല. ഷുഗർ ഡെവല്പമെന്റ് ഫണ്ടിൽനിന്നും കരിമ്പ് കൃഷി വികസനത്തിന് 50 ലക്ഷം രൂപ ഹ്രസ്വകാല വായ്പയായി 98-99 വർഷത്തിൽ ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് ലഭിച്ചിട്ടുണ്ട്.

(ബി) നടപ്പുവർഷത്തിൽ ഈ ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

270 (1449) ചിറ്റൂർ പഞ്ചസാര ഫാക്ടറി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ പഞ്ചസാര ഫാക്ടറിയുടെ പ്രവർത്തനം നഷ്ടത്തിലാണോ ലാഭത്തിലാണോ എന്ന് അറിയിക്കുമോ;

(ബി) നഷ്ടത്തിലാണെങ്കിൽ അതിന്റെ കാരണം അന്വേഷിച്ച് പരിഹാര നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നഷ്ടത്തിലാണ്.

(ബി) കരിമ്പ് ലഭ്യത ആവശ്യത്തിനില്ലാത്തതാണ് നഷ്ടത്തിനുള്ള ഒരു കാരണം. കഴിഞ്ഞ മൂന്ന് വർഷമായി കരിമ്പ് ലഭ്യത വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയുടെ വില ആഭ്യന്തര വിപണിയിൽ ലഭിക്കുന്ന പഞ്ചസാരയുടെ വിലയേക്കാൾ കിലോഗ്രാം ഒന്നിന് രണ്ട് രൂപ കുറവാണ്. കരിമ്പിൽ കൃഷിയിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി എക്സ്ചേഞ്ച് പ്രോഗ്രാമെന്ന രീതിയിൽ തമിഴ്നാട് സർക്കാരിന്റെ അധീനതയിലുള്ള പി.എ.പി. തോടിന്റെ പടിഞ്ഞാറുഭാഗത്തുള്ള പൊള്ളാച്ചി താലൂക്കിലെ കരിമ്പുകൃഷി സ്ഥലം ചിറ്റൂർ പഞ്ചസാര ഫാക്ടറിക്ക് നൽകുന്നതിനും പകരമായി ഇടുക്കി ജില്ലയിലെ മറയൂർ പ്രദേശം തമി-

LIBRARY ARCHIVES Kerala Legislative Assembly